പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5256 | 27.07.2015 -ൽ മറുപടിക്ക്.

## ഹോട്ടൽ ഭക്ഷണത്തിന്റെ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കൽ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. എൻ. എ. ഖാദർ** | **ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും പൊതു വിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) ഹോട്ടലുകളിൽ നൽകുന്ന ഭക്ഷണത്തിന്റെ വിലവിവരം രേഖപ്പെടുത്തി പരസ്യപ്പെടുത്താത്ത ഹോട്ടലുകൾക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോ ; എങ്കിൽ ഇത്തരം ഒരു പട്ടിക എല്ലാ ഹോട്ടലുകളിലും പ്രദർശിപ്പിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ ? | (എ) ഹോട്ടലുകളിൽ വില നിലവാര പട്ടിക പ്രദർശിപ്പിക്കാൻ കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. ഇത് ഉറപ്പ് വരുത്തുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ മാത്രമായും പോലീസ്, ആരോഗ്യം, റവന്യൂ, ലീഗൽ മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്നും ഹോട്ടലുകളിൽ പരിശോധന നടത്തി നിയമലംഘനം നടത്തുന്നവർക്കെതിരെ 1977 ലെ കേരള ഫുഡ് സ്റ്റഫ്സ് (ഡിസ്പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഓർഡർ, 1977 ലെയും 1980 ലെയും കേരള എസൻഷ്യൽ കമ്മോഡിറ്റീസ് (മെയിന്റനൻസ് ഓഫ് അക്കൗണ്ട്സ് ആന്റ് ഡിസ്പ്ലേ ഓഫ് പ്രൈസസ് ആന്റ് സ്റ്റോക്സ്) ഓർഡർ എന്നിവ പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും ഭക്ഷണസാധനങ്ങളുടെ വില പ്രദർശിപ്പിക്കണം എന്ന നിർദ്ദേശം പാലിക്കാത്ത ഹോട്ടൽ ഉടമകൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ജില്ലാ/ സംസ്ഥാന തലങ്ങളിൽ സമിതികൾ രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. വില വിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത കച്ചവട സ്ഥാപനങ്ങൾക്കെതിരെ ജില്ലാ കളക്ടർ നോട്ടീസ് നല്കുകയും നിയമപരമായ നടപടി സ്വീകരിച്ച് പിഴ ഈടാക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ